(ബി) ഈ പാതയുടെ 'കൊമേഴ്സ്യൽ വയബിലിറ്റി'യെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(സി) ഈ പാത നിർമ്മിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്താൻ വേണ്ട നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ലഭ്യമല്ല.

(സി) നടപടിയെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം-ബാംഗ്ലൂർ എക്സ്പ്രസ്സ് ട്രെയിൻ അനുവദിക്കാൻ നടപടി

136 [2565] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തു നിന്നും ബാംഗ്ലൂരിലേയ്ക്കുള്ള ട്രെയിനിലെ തിരക്കു മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തിരുവനന്തപുരം-ബാംഗ്ലൂർ റൂട്ടിൽ വേഗത കൂടിയ എക്സ്പ്രസ്സ് ട്രെയിൻ അനുവദിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം ചൂണ്ടിക്കാണിച്ച് പ്രത്യേക പരാതികൾ ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം-ബാംഗ്ലൂർ റൂട്ടിൽ തിരക്ക് വർദ്ധിക്കുന്ന അവസരങ്ങളിൽ സ്പെഷ്യൽ ട്രെയിനുകൾ ഓടിച്ച് പ്രശ്നം പരിഹരിക്കുന്നുണ്ട്. തിരുവനന്തപുരം എറണാകുളം റെയിൽവേപാത ഇരട്ടിപ്പിക്കൽ പൂർത്തിയായ ശേഷമേ പുതിയ ട്രെയിനുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കാനാകൂ എന്ന് റെയിൽവേ അധികൃതർ അറിയിച്ചിട്ടുണ്ട്.

എഴുകോൺ അറുപറക്കോണത്ത് റെയിൽ അണ്ടർ ബ്രിഡ്ജ് നിർമ്മാണം

137 [2566] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ എഴുകോൺ റെയിൽവേ സ്റ്റേഷന് കിഴക്ക് ഭാഗത്ത് അറുപറക്കോണത്ത് ഒരു റെയിൽ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ രണ്ട് ഗ്രാമ പഞ്ചായത്തുകളിലെ ജനങ്ങളുടെ പ്രധാന യാത്രാമാർഗ്ഗമായ ഈ ബ്രിഡ്ജ് നിർമ്മിക്കുന്നതിന്റെ ആവശ്യകത കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റെയിൽവേയെ സംബന്ധിച്ചിടത്തോളം ടി ബ്രിഡ്ജ് നിർമ്മാണത്തിന്റെ ആവശ്യകത നിലവിലില്ല.

ടെലിഫോൺ ഡയറക്ടറി

138 [2570] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എറണാകുളം ഉൾപ്പെടെ ചില ജില്ലകളിൽ ടെലിഫോൺ ഡയറക്ടറി പ്രസിദ്ധീകരിക്കാത്തത് കാരണമുണ്ടായ വൈഷമ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബി. എസ്. എൻ. എൽ., വിവിധ മൊബൈൽ ഫോൺ കമ്പനികൾ എന്നിവർക്ക് ഡയറക്ടറി പ്രസിദ്ധീകരിക്കുവാൻ നിർദ്ദേശം നൽകുമോ;

(സി) ഡയറക്ടറി സേവനം ലഭ്യമാക്കാത്ത കമ്പനികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ രണ്ടു വർഷക്കാലമായി എറണാകുളം, കൊല്ലം സെക്കന്ററി സ്വിച്ചിംഗ് ഏരിയകളിലെ ടെലിഫോൺ ഡയറക്ടറി കോടതി കേസ് നിലവിലുള്ളതുമൂലം പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ല. കൊല്ലം എസ്. എസ്. എ.-യിലെ ഡയറക്ടറി ഈ വർഷം തന്നെ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്നാണു പ്രതീക്ഷ.

(ബി) ടെലികോം റഗുലേറ്ററി അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിർദ്ദേശം കിട്ടിയാലുടൻ തന്നെ ബി. എസ്. എൻ. എൽ. മൊബൈൽ ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതാണ്. സ്വകാര്യ മൊബൈൽ കമ്പനികളിന്മേൽ സർക്കാരിനോ ബി.എസ്.എൻ.എൽ.-നോ നിയന്ത്രണമില്ല. ട്രായ് ആണ് ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളേണ്ടത്.

(സി) സ്വകാര്യ ഓപ്പറേറ്റേഴ്സിന്റെ നിയന്ത്രണാധികാരം സംസ്ഥാന സർക്കാരിനില്ല.

LIBRARY ARCHIVES Kerala Legislative Assembly